**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2327 — 09.12.2014-ലെ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ ടൂറിസം മേഖലയിലുള്ള സഹകരണ സംഘങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ടൂറിസം മേഖലയിൽ കാസർഗോഡ് ജില്ലയിൽ എത്ര സഹകരണ സംഘങ്ങളാണ് ഉള്ളതെന്ന് പറയാമോ; | (എ) 7 സഹകരണ സംഘങ്ങൾ ഉണ്ട്. |
| (ബി) പ്രസ്തുത സംഘങ്ങളുടെ പേര്, പ്രവർത്തന പരിധി, പ്രവർത്തന മേഖല തിരിച്ച വിശദാംശങ്ങൾ ഇവ ലഭ്യമാക്കാമോ; | (ബി) 1) മലനാട് ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 413<br>2) മലബാർ ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 373<br>3) ജില്ലാ ടൂറിസം ഡവലപ്പ്മെന്റ് സഹകരണ സംഘം<br>4) കോട്ടഞ്ചേരി ടൂറിസം ഡവലപ്പ്മെന്റ് സഹകരണ സംഘം<br>5) ബേക്കൽ ടൂറിസം സഹകരണ സംഘം<br>6) കാസറഗോഡ് ജില്ലാ ടൂറിസം ഡവലപ്പ്മെന്റ് സഹകരണ സംഘം<br>7) കാസറഗോഡ് ജില്ലാ ഹോട്ടൽ ആന്റ് ടൂറിസം സഹകരണ സംഘം<br>മുഴുവൻ സഹകരണ സംഘങ്ങളുടേയും പ്രവർത്തന പരിധി കാസറഗോഡ് ജില്ലയാണ്. |
| (സി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കാമോ? | (സി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സംസ്ഥാന പദ്ധതി പ്രകാരം പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ 3 ഇരട്ടി പരമാവധി 2 ലക്ഷം രൂപ വരെ ഓഹരിമൂലധന സഹായം നൽകി വരുന്നുണ്ട്. കൂടാതെ സഹകരണ സംഘങ്ങൾക്ക് ടൂറിസം പ്രൊമോഷന |

വേണ്ടി ഓഹരി, സബ്സിഡി എന്നിവ 1:2 അനുപാതത്തിൽ പ്രോജക്ടിന്റെ 50% വരെ പരമാവധി 20 ലക്ഷം രൂപ വരെയും ധനസഹായം നൽകി വരുന്നുണ്ട്. എൻ.സി.ഡി.സി പദ്ധതി പ്രകാരം പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി, വായ്പ എന്നിങ്ങനെയും ധനസഹായം നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ